കാളനൈസേഷൻപദ്ധതി.

*196. [20] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാളനൈസേഷൻപദ്ധതിക്കായി ഈ ഗവണ്മെൻറ് 1955–56-ൽ എന്തു തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് ;

(ബി) ഈ തുക മുഴുവനും ചെലവായിട്ടുണ്ടോ ;

(സി) ഏതെല്ലാം കാളനികർക്കായി എത്ര രൂപ വീതം ചെലവഴിക്കിയിട്ടുണ്ട് ;

(ഡി) കാളനൈസേഷൻ ഡയറക്ടർ ശുപാർശചെയ്തിട്ടുള്ള എല്ലാകാളനികർക്കും ധനസഹായം നൽകിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ എത്രപേർക്കാണ് നൽകിയിട്ടില്ല, കാരണമെന്ത് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 20,000 രൂപ. (ഇരുപതിനായിരം രൂപ).

(ബി) മുഴുവൻ ചെലവായിട്ടില്ല.

(സി; ഡി;) ഇ.) ചോദ്യം ഉദിക്കുന്നില്ല.

സ്റ്റോറേജ് ട്രാൻസ്ഫോർമ്മർ ബസ് ചാർജ്ജ്.

*197. [21] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള സ്റ്റോറേജ് ട്രാൻസ്ഫോർമ്മർ ബസ്സ് ചാർജ്ജ് അടുത്ത സാമ്പത്തിക വർഷം മുതൽ വർദ്ധിപ്പിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ബഹുജനങ്ങൾക്ക് വളരെ അധികം സാമ്പത്തികക്ലേശങ്ങൾക്കിടനൽകുന്ന ഈ നടപടി ഗവണ്മെൻറ് നിറുത്തിവയ്ക്കുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. എ. വേലായുധൻ) :

(എ, ബി) ഈ സംഗതിയെക്കുറിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

West Coast Fisheries.

*198. [22] SHRI J. A. BHAT : Will the Minister for Health be pleased to state :

(a) what is the sum the Travancore-Cochin Government has invested in the West Coast Fisheries Ltd. ;

LIBRARY ARCHIVES Kerala Legislative Assembly

(b) what is the nature of the work the West Coast Fisheries Ltd. are carrying out at present; and

(c) is there a cold storage plant in the possession of the west Coast Fisheries Ltd.?

Minister for Health (SHRI A. A. RAHIM):

(a) (1) By way of shares Rs. 5,00,000.

(2) By way of loan Rs. 4,86,000

(b) No work is being done at present. The reconstruction of the capital of the company is being carried through. As soon as the Refrigeration plant is erected it will be utilised for the freezing and export of fish and prawns.

(c) Yes.

പാൽപ്പൊടി.

* 199. [24] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യമായി വിതരണം ചെയ്യുന്നതിന് എത്ര പാൽപ്പൊടി ഇപ്പോൾ ഗവണ്മെൻറിന്റെ കൈവശമുണ്ട്;

(ബി) എത്ര കേന്ദ്രങ്ങളിൽ പാൽപൊടി വിതരണം ചെയ്യുന്നുണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ) സൗജന്യമായി വിതരണം ചെയ്യുന്നതിന് ഇപ്പോൾ 151,500 പൗണ്ട് പാൽപ്പൊടി ഗവണ്മെൻറിന്റെ കൈവശമുണ്ട്.

(ബി) 1,000 കേന്ദ്രങ്ങളിൽ പാൽപ്പൊടി വിതരണം ചെയ്യുന്നുണ്ട്.

പാൽപ്പൊടി വിതരണം.

* 200 [25] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽപ്പൊടി വിതരണത്തിന്റെ മേൽനോട്ടവും, പരിശോധനയും നടത്തുന്നതു് ആരാണ്;

(ബി) പാൽപ്പൊടി വിതരണം സംബന്ധിച്ചു ക്രമക്കേടുകളെപ്പറ്റി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ഡി) കുട്ടികളുടെ ആരോഗ്യത്തെ പരിഗണിച്ചു് എല്ലാ പ്രൈമറിസ്കൂളുകളിലും കുട്ടികൾക്കു പാൽ വിതരണം ചെയ്യാൻ ഏർപ്പാടുകൾ ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly